എക്സിക്യൂട്ടീവ് ഡയറക്ടറുടെ സന്ദേശം



# 75 വയസ്സുവരെയുള്ള അയൽക്കൂട്ട അംഗങ്ങൾക്ക് ഇൻഷുറൻസ്

**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

18 മുതൽ 75 വയസ്സു വരെ പ്രായമുള്ള അയൽക്കൂട്ടാംഗങ്ങൾക്കു വേണ്ടി ലൈഫ് ഇൻഷുറൻസ് കോർപറേഷനും (എൽഐസി) കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പുമായും ചേർന്ന് കുടുംബശ്രീ നടപ്പിലാക്കുന്ന 'ജീവൻദീപം ഇൻഷുറൻസ്' പദ്ധതിയുടെ ഭാഗമാകാൻ ഇപ്പോൾ അവസരം. അയൽക്കൂട്ടാംഗങ്ങൾക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി വർഷങ്ങളായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവന്നിരുന്നു. കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന എന്ന പദ്ധതിയായിരുന്നു കഴിഞ്ഞ വർഷം വരെ നടപ്പിലാക്കിയത്. കേന്ദ്ര



പദ്ധതികളുടെ ഭാഗമായുള്ള സബ്സിഡിയും ലഭ്യമാക്കിയിരുന്നു. എന്നാൽ, ഈ സബ്സിഡി സ്കീം അവസാനിച്ചതിനാൽ പുതിയൊരു ഇൻഷുറൻസ് പദ്ധതി കുടുംബശ്രീ ആവിഷ്കരിക്കുകയായിരുന്നു. കുടുംബശ്രീ ജീവൻദീപം എന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

2021 ഫെബ്രുവരി 1 മുതൽ 2022 ജനുവരി 31 വരെയുള്ള ഒരു വർഷക്കാലമായിരിക്കും ഇൻഷുറൻസിന്റെ കാലാവധി. ഈ ഇൻഷുറൻസിൽ ചേരാൻ താൽപര്യമുള്ളവർ 2021 ജനുവരി 30ന് മുൻപ് പ്രീമിയം അടയ്ക്കണം. 295 രൂപയും ജിഎസ്ടിയായ 50 രൂപയും ചേർന്ന് 345 രൂപയാണ് ഒറ്റത്തവണ അടയ്ക്കേണ്ട വാർഷിക പ്രീമിയം തുക.

പദ്ധതിയിൽ പങ്കുചേരുന്ന അയൽക്കൂട്ടാംഗങ്ങൾക്ക് മരണം സംഭവിച്ചു കഴിഞ്ഞാൽ അനുവദനീയമായ ഇൻഷുറൻസ് തുകയിൽനിന്ന് അയൽക്കൂട്ട വായ്പ തിരിച്ചടവുണ്ടെങ്കിൽ അതിനാവശ്യമായ തുക അയൽക്കൂട്ട ബാങ്ക് അക്കൗണ്ടിലേക്കും ബാക്കി തുക അംഗത്തിന്റെ അവകാശിക്കും ലഭിക്കുന്നു. പദ്ധതിയുടെ നേട്ടങ്ങൾ താഴെ നൽകുന്നു.

1. 18 - 50 വയസ്സു വരെ - 2 ലക്ഷം രൂപ, 2. 51 - 59 വയസ്സു വരെ - 1 ലക്ഷം രൂപ,

3. 60 - 65 വയസ്സു വരെ - 20,000 രൂപ, 4. 66 - 70 വയസ്സു വരെ - 15,000 രൂപ,

5. 71 - 75 വയസ്സു വരെ - 10,000 രൂപ

ലൈവ് ലിങ്കേജ് വായ്പയുള്ള എല്ലാ അയൽക്കൂട്ടാംഗങ്ങളും ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകണമെന്ന നിർദേശമാണ് നൽകിയിരിക്കുന്നത്. ഓരോ സിഡിഎസിലും ഇൻഷുറൻസ് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് ബീമാ മിത്ര എന്ന പേരിൽ അയൽക്കൂട്ടാംഗങ്ങളെ സജ്ജമാക്കിയിട്ടുണ്ട്. അവരുടെ നേതൃത്വത്തിലാണ് ഇൻഷുറൻസ് പദ്ധതിയിലേക്ക് ആളുകളെ ചേർക്കുന്നത്. അയൽക്കൂട്ടാംഗങ്ങളുടെ സുരക്ഷയും അപ്രതീക്ഷിത പ്രതിസന്ധികൾ നേരിടുമ്പോൾ ആശ്വാസമെന്ന രീതിയിലുമാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.